ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# കിണറിൽ വീണ ഒട്ടകത്തെ വാലു പിടിച്ച് രക്ഷിക്കാൻ ശ്രമിക്കുന്നവർ

عَنْ عَبْدِالله بْن مَسْعُود رَضِي الله عنه قال: قال رسول الله صَلَّى اللهُ عليه وسلَّمَ : مثَلُ الَّذي يُعينُ قومَه على غيرِ الحقِّ كَمَثَلِ بعيرٍ تردَّى في بئرٍ فهو يُنزَعُ منها بذَنَبِه

**അബ്ദുല്ലാഹിബ്നു മസ്ഊദിൽനിന്ന്. നബി(സ) പറഞ്ഞു: 'തന്റെ ജനതയെ അന്യായത്തിൽ സഹായിക്കുന്നവന്റെ ഉപമ കിണറിൽ വീണ ഒട്ടകത്തെ വാലു പിടിച്ച് പൊക്കിയെടുക്കാൻ ശ്രമിക്കുന്നതു പോലെയാണ്' (അഹ്മദ് 3801, അബൂദാവൂദ് 5117, ഇബ്നു ഹിബ്ബാൻ 5942)**

മതങ്ങളെ വെടക്കാക്കി ചിത്രീകരിക്കാൻ ചില കുബുദ്ധികൾ തെറ്റായി വ്യാഖ്യാനിച്ചു വരുന്ന പദമാണ് വർഗീയത. സത്യസന്ധത തൊട്ടുതീണ്ടാത്ത ചില രാഷ്ട്രീയ മേലാളന്മാരും കുബുദ്ധി ജീവികളുമാണ് ഇതിനു പിന്നിൽ.

ഇവരുടെ വീക്ഷണത്തിൽ വർഗീയത ജാത്യാ മതത്തിന്റെ കൂടപ്പിറപ്പാണ്. എന്നാൽ, നബി(സ) നൽകുന്ന വിശദീകരണമനുസരിച്ച് ജീവിതത്തിന്റെ വ്യത്യസ്ത തുറകളിൽ പ്രകടമാവുന്ന ഏതുതരം ജാഹിലിയ്യാ പ്രവണതകളും വർഗീയതയാണ്. മതം, രാഷ്ട്രീയം, ഭാഷ, ദേശം, തൊഴിൽ, ഗോത്രം, കുടുംബം മുതലായ ഏതു സംവിധാനങ്ങളിലും സ്വന്തക്കാരെ അന്യായമായി പിന്തുണക്കുന്ന പ്രവണതയെ ഒറ്റവാക്കിൽ വർഗീയത എന്ന് വിളിക്കാം.

നബി(സ)യുടെ ആഗമനത്തിനു മുമ്പ് അറേബ്യയിൽ ന്യായാന്യായങ്ങളുടെ ആത്യന്തിക മാനദണ്ഡം ഗോത്രപക്ഷപാതിത്വമായിരുന്നു. ഗോത്രപക്ഷപാതിത്വത്തിന്റെ രണോത്സുകമായ തേരോട്ടത്തിന് നിയതമായ വഴികളില്ല. ഗോത്ര താൽപര്യങ്ങൾ മാത്രമാണ് അവിടെ ന്യായാന്യായങ്ങളുടെ ഏക മാനദണ്ഡം.

ദുറൈദുബ്നു സ്വിമ്മ തന്റെ ഗോത്രപക്ഷപാതിത്വത്തെ സാഭിമാനം എടുത്തുപറയുന്നത് കാണുക:

وهل أنا إلّا مِن غزيَّة إن غَوَتْ    غَوَيْتُ، وإن تَرْشُدْ غزيّة أَرْشد

(ഞാൻ ഗസിയ്യ ഗോത്രജനല്ലാതെ മറ്റാരുമല്ല, ഗസിയ്യ തെറ്റായ നിലപാട് സ്വീകരിച്ചാൽ ഞാനും തെറ്റായ നിലപാട് സ്വീകരിക്കും. നേരായ നിലപാട് സ്വീകരിച്ചാൽ ഞാനും നേരായ നിലപാട് സ്വീകരിക്കും).

ന്യായാന്യായ ഭേദചിന്തയില്ലാതെ സ്വന്തക്കാരെ ന്യായീകരിക്കുന്നതും സഹായിക്കുന്നതുമാണ് വർഗീയതയെന്ന് ഒരു ചോദ്യത്തിനു മറുപടിയായി നബി(സ) വ്യക്തമാക്കിയിട്ടുണ്ട്.

'എന്താണ് പക്ഷപാതിത്വം?' എന്ന ചോദ്യത്തിന്, 'നീ നിന്റെ സ്വന്തം ജനതയെ അക്രമത്തിന് സഹായിക്കലാണ്' (അബൂദാവൂദ്) എന്നായിരുന്നു നബി(സ)യുടെ മറുപടി. 'വർഗീയതയിലേക്ക് ക്ഷണിക്കുന്നവൻ നമ്മിൽ പെട്ടവനല്ല, വർഗീയതയുടെ പേരിൽ പോരാടുന്നവൻ നമ്മിൽ പെട്ടവനല്ല, വർഗീയതയുടെ പേരിൽ മരിച്ചവൻ നമ്മിൽ പെട്ടവനല്ല'(അബൂദാവൂദ്).

'വർഗീയതയിലേക്ക് ക്ഷണിക്കുന്ന അജ്ഞതയുടെ പതാകക്ക് കീഴെ (അണിനിരന്ന്) ആരെങ്കിലും വധിക്കപ്പെട്ടാൽ, വർഗീയതയെ സഹായിച്ചുകൊണ്ട് ആരെങ്കിലും വധിക്കപ്പെട്ടാൽ അയാളുടെ മരണം അനിസ്ലാമികമാണ്' (മുസ്ലിം).

വർഗീയതയെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്യുന്നവരുടെ ബുദ്ധിശൂന്യതയും വിഡ്ഢിത്തവുമാണ് ഹദീസിൽ സോദാഹരണം വിവരിച്ചിരിക്കുന്നത്. വർഗീയ വാദികളുടെ ലക്ഷ്യം തങ്ങളുടെ പക്ഷക്കാരെ സഹായിക്കലാണ്. പക്ഷേ, അതിനു വേണ്ടി അവർ നടത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം നേടാൻ സഹായകമല്ല. തന്നെയുമല്ല, കാണുന്നവർക്ക് അത് മണ്ടത്തരമായാണ് അനുഭവപ്പെടുക. കിണറിൽ വീണ ഒട്ടകത്തെ അതിൽനിന്ന് പുറത്തെടുക്കാൻ ശാസ്ത്രീയവും ഫലപ്രദവുമായ വഴികളാണ് നോക്കേണ്ടത്. അതിനു പകരം ഒട്ടകത്തിന്റെ വാല് പിടിച്ച് കരക്കു കയറ്റാൻ ശ്രമിച്ചാൽ ചെയ്യുന്ന പണികളത്രയും വെറുതെയാകും. എന്നല്ല അത്തരം വേലത്തരങ്ങൾ തനി പരിഹാസ്യവുമാണ്. ഇതുതന്നെയാണ് ഏതുതരം വർഗീയ വാദികളുടെയും അവസ്ഥ. നമ്മുടെ രാജ്യത്ത് മതവർഗീയതയുടെ പേരിൽ നടക്കുന്ന ഏത് സംഭവങ്ങളും ഈ പരിഹാസ്യതയുടെ മികച്ച ഉദാഹരണങ്ങളാണ്. അവയിലൂടെ തങ്ങളുടെ ആളുകൾക്ക് വീര്യം പകരാൻ കഴിയുന്നു എന്ന് അവർ സമാധാനിക്കുന്നുവെങ്കിലും അവരല്ലാത്ത ജനങ്ങൾക്ക് അവയിലെ വഷളത്തരങ്ങൾ വ്യക്തമാണ്. ദാരിദ്ര്യത്തിന്റെ കിണറിൽ വീണുപോയ ജനതയെ രക്ഷിക്കാൻ നോട്ടുനിരോധം ഏർപ്പെടുത്തിയ നടപടി ഒട്ടകത്തെ വാല് പിടിച്ച് പുറത്തെത്തിക്കാൻ ശ്രമിക്കുന്ന വൃഥാവേല മാത്രമാണ്.

നബി(സ) മറ്റൊരിക്കൽ പറഞ്ഞു: 'തീർച്ചയായും അല്ലാഹു നിങ്ങളിൽനിന്ന് അജ്ഞാനകാല (ജാഹിലിയ്യ) മൗഢ്യവും പൂർവപിതാക്കളെ ചൊല്ലിയുള്ള ദുരഭിമാനവും നീക്കം ചെയ്തിരിക്കുന്നു. മനുഷ്യർ ഒന്നുകിൽ ഭക്തനായ സത്യവിശ്വാസിയായിരിക്കും, അല്ലെങ്കിൽ നിർഭാഗ്യവാനായ അധർമിയായിരിക്കും. നിങ്ങൾ ആദമിന്റെ മക്കളാണ്. ആദമാകട്ടെ, മണ്ണിൽനിന്നും. ചില സമൂഹങ്ങളെക്കുറിച്ച് ദുരഭിമാനം കൊള്ളുന്നവർ ആ നിലപാടിൽനിന്ന് പിൻമാറട്ടെ. തീർച്ചയായും അത്തരക്കാർ നരകത്തിലെ ഇന്ധനമാണ്. അഥവാ അവർ, സ്വന്തം മൂക്ക് ഉപയോഗിച്ച് ദുർഗന്ധമുള്ള വസ്തുക്കൾ തള്ളിക്കൊണ്ടുപോവുന്ന ചാണകവണ്ടിനെപ്പോലെയാണ്' (അബൂദാവൂദ്).

അന്യായമായ പക്ഷപാതിത്വത്തിന്റെ അംശലേശങ്ങളെപ്പോലും തള്ളിക്കളയുന്ന നബി(സ)യുടെ നിലപാടും, തങ്ങളുടെ പ്രതിയോഗികളെ വർഗീയതയുടെ വല വീശിപ്പിടിക്കുന്ന ഇസ്ലാം വിരോധികളും എവിടെ നിൽക്കുന്നു എന്നു മനസ്സിലാക്കാൻ ആനുകാലിക അനുഭവ യാഥാർഥ്യങ്ങൾ നമ്മുടെ മുമ്പിൽ ധാരാളമുണ്ട്. വർഗീയതയെ നിരപേക്ഷമായി നിർവചിച്ചും ഉപമിച്ചുമുള്ള നബിവചനങ്ങൾ ഒരേസമയം ചിന്തോദ്ദീപകവും, സാക്ഷാൽ വർഗീയവാദികളുടെ ബുദ്ധിശൂന്യമായ ലീലാവിലാസങ്ങളെ തുറന്നുകാട്ടുന്നതുമാണ്. ●

80863 60835